ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എഡി.സി6/70044/2017/എച്ച്.എസ്.ഇ(2)** **തീയതി : 03/08/2017**

# സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ അധ്യാപകരുടെ 2017-18 വർഷത്തെ പൊതുസ്ഥലംമാറ്റം -അപേക്ഷിക്കുന്നത്- സംബന്ധിച്ച്.

സൂചന :- 1) 21/07/2017, 28/07/2017 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലർ
2) 01/08/2017 തീയതിയിലെ 1694289/യു1/17 പൊ.വി. നമ്പർ സർക്കാർ കത്ത്

1) സർക്കാർ പുറത്തിറക്കിയ പൊതുസ്ഥലംമാറ്റമാനദണ്ഡങ്ങളിലെ ഉത്തരവ് പ്രകാരം 2017 മാർച്ച് 31 വരെ 3 വർഷം പൂർത്തിയാക്കിയ അധ്യാപകർക്കേ 2017-18 സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ അർഹതയുണ്ടായിരുന്നുള്ളൂ. എന്നാൽ സൂചന (2) സർക്കാർ കത്ത് പ്രകാരം 2017 ആഗസ്ത് 31 ന് മുമ്പ് മൂന്ന് വർഷം ഹയർസെക്കന്ററി സർവ്വീസ് ഉള്ള അധ്യാപകർക്ക് 2017-18 പൊതുസ്ഥലംമാറ്റതതിന് അപേക്ഷിക്കാൻ യോഗ്യത ഉണ്ടായിരിക്കുമെന്ന് അറിയിക്കുന്നു.

2) 2015-2016 അധ്യയന വർഷത്തിൽ അനുകമ്പാർഹ സ്ഥലംമാറ്റം ലഭിച്ചവർ, ഓരോ വർഷവും അനുകമ്പാർഹ മാനദണ്ഡം പുന:പരിശോധിക്കേണ്ടതാണ് എന്ന സർക്കാർ മാനദണ്ഡ ഉത്തരവ് പ്രകാരം വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതാണ്. കഴിഞ്ഞ പൊതുസ്ഥലംമാറ്റത്തിൽ കംപാഷനേറ്റ് ഗ്രൗണ്ടിൽ സ്ഥലംമാറ്റം ലഭിച്ച് ജോലിചെയ്യുന്നവരുടെ പ്രസ്തുത പോസ്റ്റ് ഓപ്പൺ വേക്കൻസികളായി പരിഗണിക്കുന്നതുമായിരിക്കും.

3) പ്രിൻസിപ്പൽ പ്രൊമോഷൻ മുഖേനയോ, പ്രിൻസിപ്പൽ ട്രാൻസ്ഫർ മുഖേനയോ ഭ്രോൺ ഔട്ടാകുന്ന അധ്യാപകരും ജനറൽ ട്രാൻസ്ഫറിന് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4) ജനറൽ ട്രാൻസ്ഫറിന് അപ്ലൈ ചെയ്യുന്നതിന് അധ്യാപകർക്ക് എത്ര സ്കൂളുകൾ വേണമെങ്കിലും ഓപ്റ്റ് ചെയ്യാവുന്നതാണ്. സ്കൂളുകൾ ഓപ്റ്റ് ചെയ്യുന്നതിന് ഇപ്പോൾ നിലവിൽ ഒഴിവുകൾ ഉണ്ടോ എന്ന കാര്യം പരിഗണിക്കേണ്ടതില്ല. ഇപ്പോൾ സൈറ്റിൽ ലഭ്യമായ ഒഴിവുകൾ site updation- ൽ മാറ്റം വരാവുന്നതാണ്. ഈ വിഷയത്തിൽ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ ബന്ധപ്പെട്ട പ്രിൻസിപ്പൽ മുഖേന ആയത് adc6tramsfer@gmail.com എന്ന മെയിൽ ഐ.ഡിയിലേക്ക് 05/08/2017 5. പി.എം . ന് മുൻപ് നൽകേണ്ടതാണ്.

ഒപ്പ്
ഡോ.പി.പി. പ്രകാശൻ
ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)
**ഡയറക്ടർ ഇൻ ചാർജ്ജ്**

പകർപ്പ്
**എല്ലാ ഹയർസെക്കന്ററി അധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും**